(ഡി) എല്ലാ താല്ക്കാലിക കച്ചവടക്കാരിൽ നിന്നും നികുതി ഈടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വില്പന നികുതി നിയമത്തിലെ വ്യവസ്ഥ പ്രകാരം വാർഷിക വിറ്റുവരവ് ഒരു ലക്ഷം രൂപയിൽ താഴെയല്ലാത്ത എല്ലാ വ്യാപാരികളും രജിസ്റ്റർ ചെയ്യേണ്ടതാണ്. താല്ക്കാലിക കച്ചവടക്കാർ വിറ്റുവരവ് പരിധി നോക്കാതെ തന്നെ രജിസ്റ്റർ ചെയ്യുന്നതിന് ബാദ്ധ്യസ്ഥരാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

പാലക്കാട് ജില്ലയിലെ കൊപ്പത്ത് സബ് ട്രഷറി സംബന്ധിച്ച്

28 [1035] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ കൊപ്പത്ത് ഒരു സബ് ട്രഷറി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കാവുന്നതാണ്.

ലോട്ടറി വ്യവസായം നേരിടുന്ന പ്രതിസന്ധി

29 [1036] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോട്ടറി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓൺലൈൻ ലോട്ടറി മൂലവും മറ്റു സംസ്ഥാന ലോട്ടറികൾ മൂലവും സംസ്ഥാനത്തിന് ലഭിക്കേണ്ട എത്ര കോടി രൂപയാണ് വർഷംതോറും നഷ്ടം വരുന്നത് എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറി നിരോധിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) കേരളത്തിലെ ലോട്ടറി വ്യവസായം പ്രത്യേകിച്ച് യാതൊരു പ്രതിസന്ധിയും ഇപ്പോൾ നേരിടുന്നില്ല.

(ബി) കൃത്യമായി കണക്കാക്കിയിട്ടില്ല.

(സി) സംസ്ഥാനത്ത് നടന്നുവന്നിരുന്ന ഓൺലൈൻ ലോട്ടറികളിൽ നിയമ വിരുദ്ധ മായവയുടെ വില്പന ക്രമക്കേടുകൾ പരിഹരിക്കുന്നതുവരെ സംസ്ഥാനത്ത് താല്ക്കാലികമായി നിരോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച താല്ക്കാലിക ഉത്തരവിനെ സംബന്ധിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

ഓൺലൈൻ ലോട്ടറികൾ മൂലം ലോട്ടറി വകുപ്പിനുണ്ടായ നഷ്ടം

30 [1037] ശ്രീ. പി. കെ. അബ്ദുറബ്ബ്
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ ടി. പി. എം. സാഹിർ:
„ ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ലോട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് മൂലം ലോട്ടറി വകുപ്പിനുണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഓൺലൈൻ ലോട്ടറികളുടെ പ്രവർത്തനം തടയുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(സി) ലോട്ടറി വകുപ്പ് ലാഭകരമായി നടത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃത്യമായി കണക്കാക്കിയിട്ടില്ല.

(ബി) അനധികൃത ഓൺലൈൻ ലോട്ടറികളുടെ പ്രവർത്തനം തടയണമെന്ന് ആവശ്യ പ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിനോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത്തരം ലോട്ടറികൾ നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടിക്കെതിരെ അന്യസംസ്ഥാന സർക്കാരുകളും മൊത്തവിതരണക്കാരും ഹൈക്കോടതിയിൽ നിന്നും സമ്പാദിച്ച സ്റ്റേ നീക്കിക്കിട്ടുന്നതിന് ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly